## പതിമൂന്നാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 4213 — 19.10.2011-ലെ മറുപടിയ്ക്ക്

## കോ-ഓപ്പറേറ്റീവ് സർവ്വീസ് എക്സാമിനേഷൻ ബോർഡിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. കെ. ബാലൻ<br>,, കെ. രാധാകൃഷ്ണൻ<br>,, ആർ. രാജേഷ്<br>,, പി. ശ്രീരാമകൃഷ്ണൻ | ശ്രീ. സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| (എ) കോ-ഓപ്പറേറ്റീവ് സർവ്വീസ് എക്സാമിനേഷൻ ബോർഡിന്റെ പ്രവർത്തനം വിശദമാക്കാമോ; | (എ) കാർഷിക വായ്പാ സഹകരണ സംഘങ്ങളുൾപ്പടെയുള്ള പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ, അർബൻ സഹകരണ ബാങ്കുകൾ, പ്രാഥമിക കാർഷിക ഗ്രാമവികസന സഹകരണ ബാങ്കുകൾ എന്നിവിടങ്ങളിലെ നേരിട്ട് നിയമനം നടത്തുന്ന ക്ലാർക്ക് തസ്തിക മുതൽ മുകളിലോട്ടുള്ള തസ്തികയിലെ ഒഴിവുകളിൽ നിയമനം നടത്തുന്നതിന് എഴുത്തു പരീക്ഷ നടത്തി ഇന്റർവ്യൂവിന് യോഗ്യരായ ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ബന്ധപ്പെട്ട സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് നൽകുകയും ടി സംഘങ്ങൾ/ ബാങ്കുകൾ യോഗ്യരായ ഉദ്യോഗാർത്ഥികളെ ഇന്റർവ്യൂ നടത്തി ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ലിസ്റ്റ് തിരിച്ചയയ്ക്കുകയും ടി സഹകരണ സംഘങ്ങൾ/ ബാങ്കുകൾ നൽകുന്ന ഇന്റർവ്യൂവിന്റെ മാർക്കിന്റേയും എഴുത്തു പരീക്ഷയുടെ മാർക്കിന്റേയും അടിസ്ഥാനത്തിൽ നിയമനത്തിന് അർഹരായ ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റ് |

ബോർഡ് തയ്യാറാക്കി ബന്ധപ്പെട്ട സഹകരണ സംഘങ്ങൾക്ക്/ ബാങ്കുകൾക്ക് നൽകുന്നു.

(ബി) ബോർഡ് രൂപീകരിക്കുന്നതു സംബ ന്ധിച്ച ചട്ടങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ; നോട്ടിഫിക്കേഷന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഉണ്ട്. നിലവിലുണ്ടായിരുന്ന ചട്ടങ്ങളിൽ ഭേദഗതി അനിവാര്യമാണെന്ന് സർക്കാരിനെ ബോദ്ധ്യപ്പെട്ടതിനാലാണ് സർക്കാരിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് ചട്ടത്തിൽ ഭേദഗതി വരുത്തിയത്. നോട്ടിഫിക്കേഷന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

(സി) പ്രസ്തുത ബോർഡിൽ ചെയർമാനെ നിയമിച്ചിട്ടുണ്ടോ; അദ്ദേഹത്തിന്റെ യോഗ്യത വിശദമാക്കുമോ;

(സി) ഉണ്ട്. ഭേദഗതി വരുത്തിയ പ്രകാരമുള്ള യോഗ്യത അദ്ദേഹത്തിനുണ്ട്.

(ഡി) ചെയർമാന്റെ യോഗ്യതകൾ സംബന്ധിച്ച് നിലവിലുണ്ടായിരുന്ന വ്യവസ്ഥകൾ എന്തായിരുന്നു; അതിപ്പോൾ ലഘൂകരിച്ചിട്ടുണ്ടോ?

(ഡി) പോസ്റ്റ് ഗ്രാഡ്വേറ്റ് ഡിഗ്രിയും ഗവൺമെന്റ്/ഗവൺമെന്റ് അംഗീകൃത കോളേജിൽ കുറഞ്ഞത് 15 വർഷത്തെ അദ്ധ്യാപന പരിചയം ഉണ്ടായിരിക്കണം എന്നായിരുന്നു വ്യവസ്ഥ. സർക്കാരിന്റെ 20.9.11 ലെ ജി.ഒ.(പി) 134/2011/സഹ. നമ്പർ (SRO No.587/2011) ഉത്തരവുപ്രകാരം പ്രസ്തുത വ്യവസ്ഥ ഒഴിവാക്കി ചട്ടം ഭേദഗതി ചെയ്തിട്ടുണ്ട്.

(ഒപ്പ്)

സെക്ഷൻ ഓഫീസർ

©
Government of Kerala
കേരള സർക്കാർ
2011

Reg. No. രജി. നമ്പർ
KL/TV(N)/12/2009-2011

# KERALA GAZETTE
# കേരള ഗസറ്റ്
## EXTRAORDINARY
## അസാധാരണം
## PUBLISHED BY AUTHORITY
## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്



| | | | |
|---|---|---|---|
| Vol. LVI<br>വാല്യം 56 | Thiruvananthapuram, Saturday<br>തിരുവനന്തപുരം, ശനി | 24th September 2011<br>2011 സെപ്റ്റംബർ 24<br>2nd Aswina 1933<br>1933 ആശ്വിനം 2 | No. നമ്പർ 1781 |



GOVERNMENT OF KERALA

**Co-operation (A) Department**

NOTIFICATION

G. O. (P) No. 137/2011/Co-op.

*Dated, Thiruvananthapuram, 24th September, 2011.*

**S. R. O. No. 600/2011.**—In exercise of the powers conferred by section 80B of the Kerala Co-operative Societies Act, 1969 (21 of 1969) read with Rule 182B of the Kerala Co-operative Societies Rules, 1969, the Government of Kerala hereby reconstitute the Co-operative Service Examination Board consisting of the following members, with immediate effect after withdrawing the existing members appointed as per G. O. (Rt.) No. 391/07/Co-op. dated 2-6-2007, namely:—

| | | |
|---|---|---|
| 1. Shri Kunju Illampally,<br>Illampally House,<br>Kiliroor North P. O.,<br>Kottayam District, Pin-686 020 | .. | Chairman |

2. Advocate Fathima Rosna, .. Member
Phalakottiri House,
Olavattoor P. O.,
Malappuram District, Pin-673 638

3. Shri Joseph Chalissery, .. Member
Vazhappilly House,
Korattikkara P. O.,
Kadavallur (Via),
Thrissur District

By order of the Governor,

DR. V. M. GOPALA MENON,
*Secretary to Government.*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

Section 80B of the Kerala Co-operative Societies Act, 1969, empowers the Government to constitute a Co-operative Service Examination Board for the conduct of written examination for all direct recruitments to the posts of and above the category of Junior Clerks in the Primary Agricultural Credit Societies, Primary Credit Societies, Urban Co-operative Banks and Primary Agricultural and Rural Development Banks in the State. Government now intends to constitute the said Board.

The notification is intended to achieve the above object.

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2011.